**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **27-01-2026 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ- പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ഒപ്പം പദ്ധതി - ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 06.05.23 ൽ ഉദ്ഘാടനം നടത്തി. സന്നദ്ധ ഓട്ടോ തൊഴിലാളികളുടെ സഹകരണത്തോടെ കിടപ്പു രോഗികളായ റേഷൻ ഗുണഭോക്താകൾക്ക് വീട്ടിൽ റേഷൻ വിഹിതം എത്തിച്ചു നൽകുന്നു. നിലവിൽ ഒരു ഗുണഭോക്താവുണ്ട്.<br>2. കെ-സ്റ്റോർ - റേഷൻ കടകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താലൂക്കിലെ 35 റേഷൻ കടകളെ കെ സ്റ്റോർ ആക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര മുൻഗണന റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 7221 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. ഇതിൽ 432 എണ്ണം എ.എ.വൈ വിഭാഗത്തിലുള്ള റേഷൻ കാർഡുകളും 6789 എണ്ണം പി.എച്ച്.എച്ച് വിഭാഗത്തിലുള്ള റേഷൻ കാർഡുകളുമാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ റേഷൻ റൈറ്റ്സ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (സി) | ഉണ്ട്. ചങ്ങനാശ്ശേരി താലൂക്കിൽ 19 അതിഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ